# SKVHSS KURICHITHANAM

# *LITTLE KITES*



# ഉദയം 2020

# ആശംസ



ശ്രീകൃഷ്ണ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റിൽ അംഗങ്ങളായ കുട്ടികൾ ഈ വർഷവും ഇ-മാഗസിൻ തയ്യാറാക്കിയിരിക്കുന്നു. ഈ സംരംഭത്തിൽ പങ്കാളികളായ കൊച്ചുകൂട്ടുകാർക്കും അവർക്കു വഴികാട്ടികളായിനിന്ന അദ്ധ്യാപകർക്കും സർവ്വഭാവുകങ്ങളും ആശംസിക്കുന്നു.

സ്നേഹപൂർവ്വം

കെ.നാരായണൻ നമ്പൂതിരി
മാനേജർ



ഹൈടെക് വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് വളർച്ചയുടെ പടവുകളിലൂടെ മുന്നേറുകയാണ്.കുട്ടികളുടെ സർവതോന്മുഖമായ വളർച്ചക്ക് വളരെ സഹായകമായ ലിറ്റിൽ കൈറ്റ്സിന് എല്ലാവിധ ആശംസകളും നേരുന്നു. അതോടൊപ്പം കൈറ്റ്സിന്റെ നേതൃത്ത്വത്തിൽ രൂപീകരിച്ച ഡിജിറ്റൽ മാഗസിനും അതിനു പിന്നിൽ പ്രവർത്തിച്ച കുട്ടികൾക്കും അദ്ധ്യാപകർക്കും ആശംസകൾ നേരുന്നു.

ഹെഡ് മിസ്ട്രസ്

കെ.എൻ.സിന്ധു



ശ്രീകൃഷ്ണ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽകൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനും അതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും , അദ്ധ്യാപകർക്കും ആശംസകൾ നേരുന്നു.

പി.ടി.എ പ്രസിഡന്റ്

അജികുമാർ.കെ.എസ്



ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഡിജിറ്റൽ മാഗസിനും അതിനു പിന്നിൽ പ്രവർത്തിച്ച കുട്ടികൾക്കും അദ്ധ്യാപകർക്കും ആശംസകൾ നേരുന്നു.

സ്റ്റാഫ് സെക്രട്ടറി
ബിനു ജി



# SKVHSS STAFF 2019-2020

# ശനി

കാർത്തിക് രാജേഷ് 8D

കണ്ണന്റ അച്ഛനും അമ്മയും ജ്യോതിഷത്തിൽ അമിതമായി വിശ്വസിച്ചിരുന്നു.കണ്ണനാവട്ടെ തിരിച്ചും,അവന് ഇതിലൊന്നും യാതൊരു വിശ്വാസവും ഇല്ലായിരുന്നു.അവന്റെ പ്രണയം, നിലാവ് പെയ്യുന്ന രാത്രിയിൽ,ഈൽ മത്സ്യങ്ങളും അലങ്കാര മത്സ്യങ്ങളും വർണ്ണക്കാഴ്ചയൊരുക്കുന്ന നിക്കോ ദ്വീപിനോടായിരുന്നു.എന്നാൽ അതൊരു ഒറ്റപ്പെട്ട സ്ഥലമാണെന്നൊന്നും അവൻ ചിന്തിച്ചില്ല.അങ്ങനെയിരിക്കെയാണ് ആ ദിനം വന്നു ചേർന്നത്.കണ്ണന്റെ അച്ഛനും അമ്മയും കൂടി മകന്റെ ഗ്രഹനിലയറിയാൻ ചന്ദ്രവാര്യർ ജോത്സ്യരുടെ അടുത്തെത്തുന്നത്.ജോത്സ്യൻ പറഞ്ഞു "ഇപ്പോൾ ശനിയുടെ അപഹാരമാണ്,അപകട സാധ്യത ഉണ്ട്".അച്ഛന്റേയും അമ്മയുടേയും ഉള്ളൊന്നു കാളി.അന്ന് രാത്രി ഉറങ്ങാൻ കിടക്കും മുൻപ് അവരുടെ കാൽപിടിച്ച് നിക്കോ ദ്വീപിൽ പോകുന്നതിനുള്ള അനുവാദം അവൻ നേടി.വീടിനടുത്ത് പുഴയിലൂടെ 3 കി.മീ സഞ്ചരിച്ചാൽ നിക്കോ ദ്വീപിലെത്തും,കൂട്ടുകാരൻ അനിയേയും കൂട്ടി പോകാം അവൻ കണക്കുകൂട്ടി.അടുത്ത ദിവസം രാവിലെ രണ്ടുപേരും കൂടി യാത്ര ആരംഭിച്ചു.എന്നാൽ നിക്കോ ദ്വീപിനെക്കുറിച്ച് പൂർണ്ണമായ അറിവ് അവർക്കില്ലായിരുന്നു.ഏകദേശം അരമണിക്കൂർ യാത്രയ്ക്കുശേഷം അവർ അവിടെ എത്തി.ബോട്ടിയിടുന്ന കുട്ടി,തീ

കത്തിച്ചതിന്റെ ചാരം,ടെന്റ് എല്ലാം കണ്ടപ്പോൾ അവിടെ മറ്റാരോ ഉണ്ടെന്ന് അവർക്ക് തോന്നി.എന്തായാലും ദ്വീപ് ചുറ്റിക്കാണാൻ അവർ തീരുമാനിച്ചു.കെട്ടിയിടാതിരുന്ന വഞ്ചി ഓളങ്ങളിൽ പെട്ട് ഒഴുകിപ്പോയത് അവർ അറഞ്ഞിരുന്നില്ല.രണ്ടുപേരുടേയും വീട്ടിലെ സമാധാനാന്തരീക്ഷം തകിടം മറിഞ്ഞു.എന്തു ചെയ്യണമെന്നറിയാതെ അവർ വിഷമിച്ചു.അവർക്ക് ടെന്റിൽ നിന്നും ഒരു ഒഴിഞ്ഞ ചില്ലുകുപ്പി കിട്ടി അതിനുള്ളിൽ ഒരു പേപ്പറിൽ 'ഞങ്ങളെ രക്ഷിക്കണേ' എന്ന് എഴുതിയ ഒരു കുറിപ്പും വച്ചു.എന്നിട്ട് കണ്ണും പൂട്ടി കരയേ ലക്ഷ്യമാക്കി ഒരേറ് കൊടുത്തു.പൊടുന്നനെ കണ്ണു തുറന്നതും കുപ്പി ഒരു ബോട്ടിൽ തട്ടി കുപ്പിചില്ലുകൾ മുഖമാകെ തറയുകയും ചെയ്തു.ശബ്ദം കേട്ടോടിവന്ന അനി ബോട്ടിൽ 'നീക്കോ ഫിഷറീസ്,ഫിഷ് റിസേർച്ച്'എന്നെഴുതിയിരിക്കുന്നത് കണ്ടു.ആ ദ്വീപിനു ചുറ്റും ഒരുതരം വൈവിധ്യ മീനുകളെ കുറിച്ചു പഠിക്കാനുള്ള സ്ഥലമായിരുന്നു.കണ്ണു തുറന്നപ്പോൾ കണ്ണൻ വീട്ടിൽ കട്ടിലിൽ ആയിരുന്നു.മുഖമാകെ കെട്ടുകളും.ഏതായാലും ജോത്സ്യൻ പ്രവചിച്ചതു പോലെ,അച്ഛനും അമ്മയും ഭയന്നതു പോലെ നടന്നു.മറ്റൊരു ദിവസം ജോത്സ്യന്റെ വീട്ടിൽ ചെന്നപ്പോൾ അയാൾ പറഞ്ഞു 'ശനി ഒരപകടം കൂടി തരും'കണ്ണൻ മനസ്സിൽ പറഞ്ഞു "പൂർണ്ണം”.

# എന്റെ മുത്തശ്ശി

**ദേവനന്ദ ഷിജു 9 B**

എന്റെ മുത്തശ്ശി ഉണ്ടായിരുന്നെങ്കിൽ
മാറിൽ തലചായ്ച്ചുറങ്ങായിരുന്നു
ഞാനൊന്നിറിയാതെ വീണാൽ
ഓടി വന്നെന്നെ തലോടുമായിരുന്നു

എന്റെ മുത്തശ്ശി ഉണ്ടായിരുന്നെങ്കിൽ
താരാട്ടു കേട്ടുറങ്ങായിരുന്നു
ഇന്നില്ലയീ ലോകത്തെൻ മുത്തശ്ശി
മറ്റൊരു ലോകത്തു നിന്നും നോക്കുന്നു...

# ക്രിസ്തുമസ് കഥ

ദേവിക എം സന്തോഷ് 6 B

പണ്ടു പണ്ട് ഒരു നിലാവുള്ള രാത്രിയിൽസമയം ഏകദേശം 12 മണിയാവാൻ പോവുന്നു.ഡിസംബർ മാസത്തിലെ മഞ്ഞു കൊഴിയുന്ന രാത്രി ഔസേപ്പിന്റെ ഭാര്യ മറിയം പൂർണ്ണ ഗർഭിണിയാണ്.ആ കൂരിരുട്ടിൽ ഒരു പശുത്തൊഴുത്താണ് അവർക്ക് കിട്ടിയ ഇടം.ആ പശുത്തൊഴുത്തിൽ കിടന്ന് അധികം വൈകാതെ അവൾ ഒരു ആൺകുഞ്ഞിനു ജന്മം നല്കി.അപ്പോൾ ആകാശത്ത് മാലാഖമാർ അവനെ സ്തുതിച്ചു പാടി.ഔസേപ്പും മറിയവും കൂടി അവനെ വൈയക്കോൽ മെത്തയിൽ കിടത്തി.അവർ അവനെ വിളിച്ചു 'ഉണ്ണി

നക്ഷത്രങ്ങൾ മിന്നിത്തിളങ്ങി.യേശു കാലിത്തൊഴുത്തിൽ പിറന്ന ഓർമ്മയിലാണ്,ക്രിസ്തുമസിന്

പുൽക്കൂടൊരുക്കുന്നത്.ആകാശത്തിലെ നക്ഷത്രങ്ങളുടെ ഓർമ്മപ്പെടുത്തലാണ് വീടുകളിൽ തൂക്കിയിടുന്ന നക്ഷത്രങ്ങൾ.സമാധാനത്തിന്റെയും ശാന്തിയുടേയും സന്ദേശമാണ് ക്രിസ്തുമസ് നല്കുന്നത്.

# വാത്സല്യത്തിന്റെ തുടിപ്പുകൾ

ആര്യ സന്തോഷ്

പുലർച്ചെ സ്കൂളിൽ പോകാനുള്ള തിരക്കിലായിരുന്നു ഉണ്ണി.സ്കൂളിൽ കലോത്സവം ഇന്നാണ്.ഉണ്ണിയുടെ പ്രചോദനം അമ്മയാണ്.രാവിലെ അമ്മ ഉണ്ണിയ്ക്ക് പൊതിച്ചോർ കൊടുത്തു വിടാനുള്ള തിരക്കിലാണ്.വീട്ടിൽ നിന്നിറങ്ങിയ ഉണ്ണി രണ്ടടി ചുവടുകൾ വച്ച ശേഷം തിരിച്ച് അമ്മയുടെ അടുക്കലേയ്ക്ക് ഓടി വന്നിട്ട് തന്റെ കുഞ്ഞിളം ചുണ്ടുകൾ കൊണ്ട് അമ്മയുടെ നെറ്റിയിൽ ചുംബിച്ചു.അമ്മയുടെ കണ്ണ്നനഞ്ഞു. സന്തോഷത്തിന്റെയും വാത്സല്യത്തിന്റെയും നനവ്.വൈകുന്നേരം ഒരു ട്രോഫിയുമായാണ്ഉണ്ണി തിരികെയെത്തിയത്.അവൻ അഭിമാനത്തോടെ ട്രോഫി ഉയർത്തിപ്പിടിച്ച് സന്തോഷത്തോടെ അമ്മയുടെ സമീപത്ത് വന്നു നിന്നു. ഇത് എന്റെ അമ്മയ്ക്കുള്ളതാണ്.അമ്മ ഉണ്ണിയെ വാരിപ്പുണർന്നു.സ്നേഹം എല്ലാറ്റിനും വഴിതെളിക്കുന്ന ഒന്നാണ്.അതെ,സ്നേഹത്തിലൂടെ മാത്രമേ നന്മ എന്ന രണ്ടക്ഷരം നമ്മുടെ ജീവിതത്തിലുണ്ടാവുകയുള്ളൂ.വാത്സല്യവും സ്നേഹവും തമ്മിൽ വ്യത്യാസമുണ്ട്.അമ്മയുടെ വാത്സല്യം ലഭിച്ച നമ്മൾ ഇന്ന് അമ്മയെ ഉപേക്ഷിക്കുന്നു.പക്ഷേ ഓർക്കുക വാത്സല്യവും സ്നഹവും നിറഞ്ഞ ഉപേദേശങ്ങൾ കേട്ടു വളർന്നുവന്നവരാണ് നമ്മൾ.

# ഒരു വഴിയാത്രക്കാരൻ

വേണുഗോപാലൻ നായർ

സമയം 9:50.അയാൾ ആക്സിലേറ്ററിൽ കാൽ അമർത്തി.ഇന്നും വൈകിയാണല്ലോ ഓഫീസിലെത്തുക. അടുത്തുള്ള സ്കൂളിൽ കുട്ടികളെ ഇറക്കിയിട്ട് ഇന്നും 10 മണിയ്ക്ക് മുൻപേ ഓഫീസിലെത്തില്ല.ഓഫീസറോട് പറയാനുള്ള കാരണങ്ങൾക്കായി മനസ്സ് പരതുമ്പോൾ കണ്ണുകൾ വെറുതെ പുറത്തേയ്ക്കു നീണ്ടു.ഒരാൾ വഴിയരികിൽ വീണു കിടക്കുന്നു.ആക്സിലേറ്ററിൽ നിന്നും ബ്രേക്കിലേയ്ക്ക് കാൽ അറിയാതെ മാറി.മൂത്തകുട്ടി ഓർമ്മിപ്പിച്ചു;'അച്ഛാ,സമയം വൈകി.'അപ്പോഴേയ്ക്കും ആവതില്ലാത്ത വൃദ്ധനെ അയാൾ കൈകളിൽ കോരിയെടുത്തിരുന്നു.അപ്പോൾ അയാൾ സമയം മറന്നു.മാറാത്ത നടുവേദനയും ഭാരം എടുക്കരുതെന്നുള്ള ഡോക്ടറുടെ നിർദേശവും മറന്നു."എന്നെ എന്റെ ഭാര്യയുടെ അടുത്തെത്തിച്ചാൽ മതി".വൃദ്ധൻ പുലമ്പി. ചോരവാർന്നൊലിക്കുന്ന മുഖത്തിനിടയിലൂടെ ഓഫീസിലെ പതിവു സന്ദർശകനെ തിരിച്ചറിയാൻ പറ്റി."എന്തു പറ്റി സാർ, നമുക്ക് ആശുപത്രിയിൽ പോകാം”."വേണ്ട എനിക്കെന്റെ ഭാര്യയുടെ അടുത്തെത്തിയാൽ മതി”."ശരി,ശരി പോകാം. ഭാര്യ എവിടെയുണ്ട്?”. "ഇവിടെ അടുത്തുള്ള ആശുപത്രിയിൽ അഡ്മിറ്റ് ആണ് . അങ്ങോട്ട് പോയാൽ മതി”. ആശുപത്രിയിലേക്കുള്ള യാത്രക്കിടയിൽ വൃദ്ധനെ മനസ്സാ

സ്തുതിച്ചു.തന്റെ വേദനകളേക്കാൾ ഭാര്യയുടെ കാര്യത്തിൽ ശ്രദ്ധിക്കുന്ന മനുഷ്യൻ.ആശുപത്രിയിൽ ഭാര്യയുടെ അടുക്കലേയ്ക്ക്നടക്കുന്ന വൃദ്ധനെ ഉടുവസ്ത്രം നേരെയാക്കാൻ സഹായിക്കുമ്പോഴാണ് മദ്യത്തിന്റെ രൂക്ഷ ഗന്ധം അയാൾ തിരിച്ചറിഞ്ഞത്. അകത്തു നിന്നുള്ള ശകാരവർഷം ചെവിയിലല്ല നെഞ്ചിലാണ് വന്നു തറച്ചത്."രാവിലെ തന്നെ കുടിച്ചിട്ടാണല്ലോ മനുഷ്യാ,ഇവിടെയും സ്വൈര്യം തരില്ലേ?"പരിചയക്കാരിക്ക് മുഖം കൊടുക്കാതെ തിരിഞ്ഞ് നടക്കുമ്പോൾ മകന്റെ പരാതി."ലേറ്റ് ആയതിന് സ്കൂളിൽ ഞാനിനി എന്തു പറയും”.മൗനം പാലിച്ചെങ്കിലും അയാളുടെ ചുണ്ടുകൾ പിറുപിറുത്തു."ഓഫീസറോട് ഞാനോ...."മദ്യപാനിയുടെ ചീത്തവിളി അപ്പോൾ ഉച്ചസ്ഥായിയിലെങ്കിലും അകന്നു പോകുന്നത് അയാളറിഞ്ഞു.

# ഞാൻ വൃദ്ധ

ശ്രീഗംഗ കെ രാജ്

ഇന്ന് ഞാനൊരു വൃദ്ധ
മക്കൾ ഉപേക്ഷിച്ച അമ്മ
വൃദ്ധ സദനത്തിൻ ജാലകത്തിൽ
കേഴുന്നു ഞാനിന്നു മക്കൾക്കായ്

ഞാനെന്റെ ബാല്യത്തിൻ ഓർമ്മകളെ
വിങ്ങിനൊന്തുകൊണ്ടോർത്തിടുന്നു
പച്ചമാങ്ങ പെറുക്കി കഴിച്ചതും
മണ്ണപ്പം ചുട്ടു കളിച്ചു നടന്നതും

മക്കൾ വരുന്നതും കാത്തുകാത്ത്
ജാലകത്തിന്നരികിൽ ഞാനിരുന്നു
ബാല്യകാലത്തിൻ സ്മരണയോടെ
മക്കളെ സ്നേഹിച്ച ഓർമ്മയോടെ.

# ART GALLERY
















# ART GALLERY











**THANK YOU .......**

**TEAM LITTLE KITE.......**

